**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4342** **18-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ മേഖലയുടെ വളർച്ചയ്ക്കും സഹകരണ സ്ഥാപനങ്ങളുടെ ജനകീയ അടിത്തറ വിപുലീകരിക്കുന്നതിനും ഉതകുന്ന എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് സഹകരണ മേഖലയുടെ വളർച്ചയ്ക്കും സഹകരണ സ്ഥാപനങ്ങളുടെ ജനകീയ അടിത്തറ വിപുലീകരിക്കുന്നതിനും ഉതകുന്ന വിവിധ പദ്ധതികൾ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്.<br><br>സംസ്ഥാന സഹകരണ മേഖലയിൽ നിലവിൽ ഉണ്ടായിരുന്ന ത്രിതല സംവിധാനത്തിന് പകരം ദ്വിതല സംവിധാനത്തിലേയ്ക്ക് സംസ്ഥാനത്തെ സഹകരണ മേഖലയെ മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി കേരള ബാങ്ക് രൂപീകരിച്ചു. കേരള ബാങ്കിനെ ഒരു Technology Driven, പുതുവർതലമുറ ബാങ്കായി മാറ്റുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. 31.03.2022 ന് മുമ്പ് ബാങ്കിൽ CBS നടപടികൾ പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടുള്ളത്.<br><br>സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്.<br><br>സഹകരണ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി ICDMS (Integrated |

Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ-ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ, ആഡിറ്റ്മോഡ്യൂൾ എന്നീ 3 സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ് വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള മോഡ്യൂളിന്റെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

സഹകരണ സംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

കുടുംബ ശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ്" മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി 14 ജില്ലകളിലും വ്യാപിപ്പിച്ചു.

കേരളത്തിലെ കടൽത്തീരവും കായലോരവുമുള്ള തീരദേശത്തെ മത്സ്യബന്ധന തൊഴിലാളികളും, മത്സ്യവിപണന തൊഴിലാളികളും തങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന വ്യാപാര മൂലധനത്തിനായി പണം കണ്ടെത്തുന്നതിന് കൂടുതലായി ആശ്രയിക്കുന്നത് ബ്ലേഡ് പലിശക്കാരെയാണ്. മേൽ വിഭാഗം ജനങ്ങളെ ഭീമമായ പലിശ ഈടാക്കുന്ന ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി സഹകരണ മേഖല വഴി ലളിതമായ നടപടി ക്രമങ്ങളിലൂടെ ലഭ്യമാക്കുന്ന വായ്പപദ്ധതിയായ **"സ്നേഹതീരം വായ്പ പദ്ധതി"** ആവിഷ്കരിച്ചിട്ടുണ്ട്.

കേരള സഹകരണ നിയമം വകുപ്പ് 56(1)സി, ചട്ടം 53 എ എന്നിവ പ്രകാരം രൂപീകൃതമായ കേരള സഹകരണ അംഗസമാശ്വാസ നിധിയിലൂടെ

| | | | |
|---|---|---|---|
| | | | ഗുരുതര രോഗം ബാധിച്ചിട്ടുള്ള സഹകാരികൾക്ക് ധനസഹായം അനുവദിച്ചുവരുന്നു.<br><br>അശരണരായ മുതിർന്ന സഹകാരികൾക്ക് സഹായമായി പ്രഖ്യാപിച്ച സഹകരണം സാന്ത്വനം പദ്ധതി നടപ്പിലാക്കിവരുന്നു. ഭിന്ന വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പാ പദ്ധതി ആരംഭിച്ചു.<br><br>ഉത്സവകാലങ്ങളിൽ ത്രിവേണി സൂപ്പർമാർക്കറ്റുകളിലൂടെയും സഹകരണ സംഘങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് സർക്കാർ ധനസഹായത്തോടു കൂടി സബ്സിഡി വിപണി കൺസ്യൂമർ ഫെഡ് നടത്തി വരുന്നു. സ്കൂൾ സീസണിൽ പൊതു വിപണിയിലെ വിലകയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റുകൾ നടത്തി വരുന്നു.<br><br>കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ അംഗസംഘങ്ങൾ വഴി താഴ്ന്ന വരുമാനക്കാർക്കും ഇടത്തരം വരുമാനക്കാർക്കും (EWS, LIG) ഭവന വായ്പകൾ നൽകി വരുന്നു.<br><br>പുനർജ്ജനി പദ്ധതിയിലൂടെ ധനസഹായ ചട്ടങ്ങൾക്ക് വിധേയമായി പ്രവർത്തന ക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും പുനരുദ്ധരിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു.<br><br>സംസ്ഥാനത്തൊട്ടാകെ 30 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചു. യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും, യുവജനങ്ങളുടെ സാമ്പത്തിക, സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ടുമാണ് ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്ത് അതിവേഗം വളർന്നുവരുന്ന അനന്ത സാധ്യതയുള്ള ടൂറിസം മേഖലയിൽ സഹകരണ സ്ഥാപനങ്ങളും സംരംഭങ്ങളും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് അതിവേഗം വളർന്നു വരുന്ന അനന്ത സാധ്യതയുള്ള ടൂറിസം മേഖലയിൽ സഹകരണ സ്ഥാപനങ്ങളും സംരംഭങ്ങളും വ്യാപിപ്പിക്കുന്നതിനായി മികച്ച പ്രവർത്തനങ്ങൾ നടത്തി വരുന്നു. അപ്രതീക്ഷിതമായി ടൂറിസം മേഖലയെ സ്തംഭിപ്പിച്ച കോവിഡ് 19 മഹാമാരി സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ നിന്നും സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവരുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അതിലൂടെ ടൂറിസം വികസനം സാധ്യമാക്കുന്നതിനും വരുന്ന 5 |

| | | | |
|---|---|---|---|
| | | | വർഷത്തേയ്ക്കുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സഹകരണ മേഖലയിലെ ഉല്പന്നങ്ങൾ വിനോദസഞ്ചാരികൾക്ക് അടുത്തറിയുന്നതിനും വിൽപ്പന നടത്തുന്നതിനുമായി ടൂറിസം-സഹകരണ സംയുക്ത സംരംഭം രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | ടൂറിസം സഹകരണ സംഘങ്ങളെ പലവക സംഘങ്ങളിൽ ഉൾപ്പെടുത്തി പ്രാദേശികമായ സാധ്യതകൾക്ക് ഉതകുന്ന പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | ടൂർഫെഡിന്റെ പ്രത്യേക പദ്ധതികൾക്കും, മെച്ചമായ രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽക്കൂടി വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപടി സ്വീകരിച്ചു. |

സെക്ഷൻ ഓഫീസർ